**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2034 | 08.03.2018 ൽ മറുപടിക്ക്

**ആഷ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കരകൗശല മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആഷ പദ്ധതി പ്രകാരം അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (എ) ആഷ പദ്ധതിയിലൂടെ കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് അനിവാര്യമായ കെട്ടിടം / പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40%തുക, പരമാവധി രണ്ടു ലക്ഷം രൂപ ധനസഹായമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിത, യുവജന സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 50% തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. |
| (ബി) പദ്ധതിയിലൂടെ 2017 ൽ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായം നൽകുവാൻ കഴിഞ്ഞു; അതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര യൂണിറ്റുകളുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) 2016-17 സാമ്പത്തിക വർഷത്തിൽ 27 സംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായി. ഇതിൽ 3 പേർ പട്ടിക വിഭാഗത്തിൽപ്പെട്ട സംരംഭകരാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ഇതുവരെ 15 സംരംഭകർക്ക് ധനസഹായം നൽകുകയുണ്ടായി. ഇവരിൽ പട്ടിക വിഭാഗക്കാർ ആരും തന്നെയില്ല. |

സെക്ഷൻ ഓഫീസർ